LIBRARY ARCHIVES Kerala Legislative Assembly

ഏറനാട് മണ്ഡലത്തിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ്

247 (255) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് നിലവിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം ഉള്ളത്; വിശദമാക്കുമോ ;

(ബി) പുതുതായി പ്രസ്തുത സംവിധാനം ആരംഭിക്കുന്നതിലേക്കായി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ നിന്നാണ് അപേക്ഷ ലഭിച്ചിട്ടുള്ളത്; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഏറനാട് മണ്ഡലത്തിലെ കീഴുപറമ്പ് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പുതുതായി അപേക്ഷ നൽകിയിട്ടുള്ള സ്കൂളുകളുടെ പട്ടിക ചുവടെ ചേർക്കുന്നു :

1. GVHSS, Mambad
2. Sullumussalam Oriental HS, Arecode.
3. Subullusalam HSS, Arecode.
4. GHSS, Kuzhumanna.
5. Seethi Haji Memorial Govt. HSS, Edavanna.

10-7-2015-ന് ചേർന്ന സംസ്ഥാനതല ഉപദേശകസമിതി യോഗതീരുമാന പ്രകാരം തയ്യാറാക്കിയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സ്കൂളുകളുടെ പട്ടികയിൽ ടി സ്കൂളുകൾ ഉൾപ്പെട്ടിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരുന്നു.

സൈബർ കുറ്റകൃത്യങ്ങളും കേസുകളും

248 (256) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഒരു വർഷം കേസുകൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങളുടെ എണ്ണമെത്രയാണ്; മുൻവർഷത്തിലേതുമായുള്ള താരതമ്യം ലഭ്യമാക്കാമോ ;

(ബി) പ്രായപൂർത്തിയാവാത്ത കുട്ടികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങളുടെ നിരക്ക് വർദ്ധിച്ചു വരുന്ന സാഹചര്യമാണോ നിലവിലുള്ളത് ; എങ്കിൽ കാരണം എന്താണെന്നുള്ളത് വിലയിരുത്തിയിട്ടുണ്ടോ ;

(സി) കുറ്റകൃത്യങ്ങൾ തടയുന്നതിനും കുട്ടികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങളുടെ വർദ്ധനവ് തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) സൈബർ കുറ്റകൃത്യങ്ങളിൽനിന്ന് കുട്ടികളെ തടയുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) കഴിഞ്ഞ ഒരു വർഷം കുട്ടികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങളുടെ എണ്ണം 821 ആണ്. മുൻ വർത്തിലേതുമായി താരതമ്യപ്പെടുത്തുമ്പോൾ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) പ്രായപൂർത്തിയാകാത്ത കുട്ടികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങളുടെ നിരക്ക് വർദ്ധിച്ചുവരുന്ന സാഹചര്യം നിലവിലില്ല.

(സി) സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് സ്കൂൾ/കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെയും അദ്ധ്യാപക രക്ഷാകർതൃ സമിതികളുടെയും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുടെയും സഹകരണത്തോടെ ബോധവൽക്കരണ ക്ലാസുകൾ കുട്ടികളുടെ ഇടയിൽ നടത്തിവരുന്നതും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ കൗൺസിലിംഗിനും മറ്റും വിധേയമാക്കുകയും ചെയ്തുവരുന്നു. കൂടാതെ ജനമൈത്രി പോലീസ് പദ്ധതിയിലൂടെയും മറ്റും വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ബോധവൽക്കരണ ക്ലാസുകളും നടത്തുന്നുണ്ട്.

(ഡി) ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി മുതലായ പദ്ധതികളുമായി ബന്ധപ്പെട്ട് സെമിനാറുകൾ, ഘോഷയാത്രകൾ എന്നിവ സംഘടിപ്പിച്ച് വിദ്യാർത്ഥികളെ സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും സൈബർ കുറ്റകൃത്യങ്ങളിൽ അറിഞ്ഞും അറിയാതെയും ഉൾപ്പെട്ടുപോകുന്നതിനുള്ള സാധ്യതകളെ കുറിച്ചും ആയത് തടയുന്നതിനുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ചും സൈബർ സുരക്ഷയെ സംബന്ധിച്ചും സ്കൂൾ തലത്തിലും കോളേജ് തലത്തിലും ക്ലാസുകൾ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly